## ഒക്ടോബർ 2024

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

മാർത്തോമ്മാ സഭാ പ്രതിനിധി മണ്ഡലം 2024 സെപ്റ്റംബർ 17 മുതൽ 20 വരെ തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ആഡിറ്റോറിയത്തിൽ വെച്ച് അനുഗ്രഹപ്രദമായി നടത്തുവാൻ ഇടയായതിൽ ദൈവത്തെ സ്തുതിക്കുന്നു. അർത്ഥവത്തായ സാന്നിദ്ധ്യവും പങ്കാളിത്തവും നല്കി മണ്ഡലയോഗ നടപടികൾ ഭംഗിയായി പൂർത്തീകരിക്കുവാൻ സഹകരിച്ച മണ്ഡലാംഗങ്ങളെ എല്ലാവരെയും അഭിനന്ദിക്കുകയും ഏവരോടുമുള്ള നന്ദി അറിയിക്കുകയും ചെയ്യുന്നു. സഭാ ഭരണഘടന ഭേദഗതികൾ എല്ലാം ചർച്ച ചെയ്ത് പൂർത്തീകരിക്കുവാൻ സാധിച്ചു. ഏകദേശം രണ്ട് വർഷക്കാലമായി തുടർന്ന് വരുന്ന ആലോചനകളുടെയും നടപടി ക്രമങ്ങളുടെയും പരിസമാപ്തിയാണ് ഇതിലൂടെ സാധ്യമായത്. ഭരണഘടനാ പരിഷ്കരണ കമ്മിറ്റി ചെയർമാൻ അഭിവന്ദ്യ തോമസ് മാർ തിമൊഥെയോസ് എപ്പിസ്ക്കോപ്പാ, കൺവീനർ റവ. പി. ജെ. വർഗ്ഗീസ്, സഭയുടെ ഔദ്യോഗിക ഭാരവാഹികൾ, പരിഷ്കരണ കമ്മിറ്റി അംഗങ്ങൾ, സഭാ കൗൺസിൽ അംഗങ്ങൾ, മണ്ഡലാംഗങ്ങൾ, സഭാ ആഫീസ് പ്രവർത്തകർ എല്ലാവരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു. എപ്പിസ്ക്കോപ്പൽ സിനഡ് സെപ്റ്റംബർ 23 -ാം തീയതി കൂടി മണ്ഡലയോഗ തീരുമാനങ്ങൾക്ക് അംഗീകാരം നല്കുകയും ചെയ്തു. ആയവ സർക്കുലർ കല്പന മൂലം ഏവരെയും അറിയിക്കുകയും, പുതുക്കിയ ഭരണഘടന മലയാളത്തിലും ഇംഗ്ലീഷിലും താമസംവിന പ്രസിദ്ധീകരിക്കുകയും ചെയ്യും.

നിലയ്ക്കൽ എക്യൂമെനിക്കൽ ട്രസ്റ്റിന്റെ റൂബി ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വൈദിക സന്യസ്ത സംഗമം തിരുവല്ല സെന്റ് ജോൺസ് മെട്രോപ്പോലീറ്റൻ കത്തീഡ്രലിൽ സെപ്റ്റംബർ 25 ന് സംഘടിപ്പിച്ചു. വിവിധ സഭാവിഭാഗങ്ങളിൽ നിന്നും മേലദ്ധ്യക്ഷരും വൈദീകരും സന്യസ്തരുമായി 450 പേർ ഇതിൽ സംബന്ധിച്ചു. വ്യത്യസ്തതകൾക്കതീതമായി ഒരുമിച്ച് ചേർന്ന് പ്രാർത്ഥനയ്ക്കും കൂട്ടായ്മയ്ക്കുമായി സമയം ചിലവഴിക്കുന്നതിനും ദൗത്യവഴികളിൽ ഐക്യത്തോടെ പുനരർപ്പണം ചെയ്യുന്നതിനും സാധിച്ചു. സങ്കീർണ്ണതകൾ നിറയുന്ന ഈ കാലഘട്ടത്തിൽ സഭകൾ ഒരുമിച്ചുള്ള ദൗത്യ നിർവ്വഹണത്തിന് പ്രസക്തിയേറെയുണ്ട്. കാലം നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കാനും സുവിശേഷ ദൗത്യ നിർവ്വഹണം ഫലകരമായി നിർവഹിക്കാനും ഇത്തരത്തിലുള്ള കൂട്ടായ്മകൾ സഹായകമാവും. സഭകളുടെ ഒരുമിച്ചുള്ള സംവാദങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും സംഘർഷങ്ങളുടെ മദ്ധ്യേ സമാധാനത്തിന്റെ പുതിയ മേഖലകൾ തുറക്കാൻ കഴിയണം.

മലങ്കര മാർത്തോമ്മാ സുറിയാനി സഭയിലെ പ്രവാസി സമൂഹത്തിന്റെ സ്വപ്ന സാഫല്ല്യമായി യു.കെ.-യൂറോപ്പ് ആഫ്രിക്ക ഭദ്രാസനത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കപ്പെടുന്നു. പ്രവാസ മേഖലയിൽ സഭയുടെ വളർച്ചയുടെ പുത്തൻ നാഴികക്കല്ലാണിത്. സെപ്റ്റംബർ 29 ന് രാവിലെ ബിർമിംഹാം ബഥേൽ കൺവൻഷൻ സെന്ററിൽ ക്രമീകരിക്കുന്ന വിശുദ്ധ കുർബാന ശുശ്രൂഷയ്ക്ക് ശേഷം ചേരുന്ന പൊതുസമ്മേളനത്തിൽ നമ്മുടെ സഭയിലെ തിരുമേനിമാരെ കൂടാതെ വിവിധ സഭാമേലദ്ധ്യക്ഷന്മാരും സാമൂഹ്യ, രാഷ്ട്രീയ, ദൈവശാസ്ത്ര മേഖലകളിൽ നിന്നുള്ള പ്രമുഖരും പങ്ക്ചേരും. അഭിവന്ദ്യ ഡോ. ജോസഫ് മാർ ഇവാനിയോസ് തിരുമേനിയെയും ഭദ്രാസന ചുമതലക്കാരെയും പ്രത്യേകമായി അഭിനന്ദിക്കുന്നു.

സഭയുടെ ഔദ്യോഗിക സംഘടനകളുടെ വാർഷികയോഗം നടന്നു വരികയാണല്ലോ. സണ്ടേസ്ക്കൂൾ സമാജത്തിന്റെ പുതിയ ജനറൽ സെക്രട്ടറിയായി റവ. സജേഷ് മാത്യു ചുമതലയേറ്റു. ആശംസകൾ അറിയിക്കുന്നു. കഴിഞ്ഞ രണ്ട് ടേം ജനറൽ സെക്രട്ടറി എന്ന നിലയിൽ സണ്ടേസ്കൂൾ സമാജത്തെ നയിച്ച റവ. ജോർജ് ചെറിയാന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമായിരുന്നു. അച്ചനോടുള്ള നന്ദി സഭയുടെ

നാമത്തിൽ രേഖപ്പെടുത്തുന്നു. നമ്മുടെ ഇടവകകളും സ്ഥാപനങ്ങളും സഭയുടെ പാൻ കാർഡ് തന്നെ ഉപയോഗിക്കുന്നു എന്ന് ചുമതലക്കാർ ഉറപ്പുവരുത്തണം. അതോടൊപ്പം വാർഷിക കണക്ക് യഥാസമയം പൂർത്തിയാക്കി 10 (ബി) ഫാറത്തിൽ കണക്ക് ഭദ്രാസന/സഭാ ആഫീസുകളിൽ നല്കുകയും വേണം. അതിന് വീഴ്ച വരുത്തുന്നത് ഗുരുതരമായ ഭവിഷ്യത്തുകൾ സഭാ പ്രവർത്തനത്തിൽ സംജാതമാകും. ഇതിൽ ഏവരുടെയും ശ്രദ്ധയും ജാഗ്രതയും ഉണ്ടാകണം.

നമ്മുടെ സഭയിൽ ദൈവശാസ്ത്ര മേഖലയിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ ആദ്യവനിതയായ ഡോ. ലീലാമ്മ അത്യാൽ (റവ. ഡോ. എ. പി. അത്യാലിന്റെ സഹധർമ്മിണി) നിര്യാതയായി. ദൈവശാസ്ത്ര മേഖലയിലും എക്യൂമെനിക്കൽ രംഗങ്ങളിലും നല്കിയ നേതൃത്വം എടുത്തുപറയത്തക്കതാണ്. ഡോ. ലീലാമ്മ അത്യാലിന്റെ വേർപാടിൽ ദുഃഖിതരായ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്ക് ചേരുകയും സഭയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

ഒക്ടോബർ മാസത്തേക്കുള്ള ആരാധനാ ചിന്താവിഷയങ്ങളും ധ്യാനങ്ങളും വിശ്വാസ സമൂഹത്തെ ദൗത്യ ബോധത്തിൽ ഉറപ്പിക്കുന്നതിനും ശക്തീകരിക്കുന്നതിനും സഹായകരമാണ്. ഒക്ടോബർ 6 ഞായറാഴ്ച സന്നദ്ധ സുവിശേഷക സംഘദിനമായി ആചരിക്കുന്നു. ശതാബ്ദി ആഘോഷിച്ച സന്നദ്ധ സുവിശേഷക സംഘം അതിന്റെ സ്ഥാപക ഉദ്ദേശ്യങ്ങളിൽ നിലനിൽക്കുന്നു എന്നത് സന്തോഷകരമാണ്. സാധാരണ ജീവിത രംഗങ്ങൾ എല്ലാം തന്നെ സാക്ഷ്യ മേഖലകൾ ആക്കുക എന്നതാണ് സംഘ ലക്ഷ്യം. ഭക്ഷണം കണ്ടെത്തിയ യാചകർ തങ്ങൾ അനുഭവിച്ച സമൃദ്ധി മറ്റുള്ളവരുമായി പങ്കു വച്ചത്, അത് അറിയിച്ചില്ലെങ്കിൽ കുറ്റം തങ്ങളുടെ മേൽ ഇരിക്കുമെന്ന ചിന്ത അവരെ ഭരിച്ചതു കൊണ്ടാണ്. യേശുക്രിസ്തുവിലൂടെ തങ്ങൾ അനുഭവിച്ച ജീവന്റെ സമൃദ്ധി പങ്കുവെയ്ക്കുന്നതിനുള്ള ധാർമ്മിക ഉത്തരവാദിത്വം ആത്മാവിൽ അറിയുന്നവർക്കു മാത്രമേ സുവിശേഷത്തിന്റെ സാക്ഷികൾ ആകുവാൻ കഴിയുകയുള്ളൂ. സ്വാർത്ഥത യില്ലാതെ, പ്രേഷിത ഭാവത്തോടെ, ദൈവരാജ്യ ശുശ്രൂഷകൾ ചെയ്യാൻ നമുക്ക് പുനഃസമർപ്പണം ചെയ്യാൻ ദൈവം കൃപ തരട്ടെ.

ഒക്ടോബർ 13 ഞായറാഴ്ച, വ്യത്യസ്ത തരങ്ങളിൽ ശക്തരായവരെ പ്രത്യേകം ഓർക്കുന്നതിനു വേണ്ടി വേർതിരിച്ച ദിനമാണ്. എല്ലാവരും ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നതാണ് അടിസ്ഥാനധ്യാനം. യേശു എല്ലായ്പ്പോഴും അംഗപരിമിതരെ കരുതിയിരുന്നു. ദേവാലയത്തിൽ ശബത്തു ദിവസം കൈ വരണ്ട മനുഷ്യന്റെ സാന്നിധ്യം യേശുവിനെ കുടുക്കുവാനുള്ള സന്ദർഭമായി പരീശർ നോക്കിയിരുന്നത് അതുകൊണ്ടാണ്. യേശുവിന്റെ സാന്നിധ്യത്തോടു വിശ്വാസത്തിൽ പ്രതികരിക്കുവാൻ മറ്റുള്ളവർക്കു കഴിഞ്ഞതിനേക്കാൾ കൈ വരണ്ട മനുഷ്യനാണ് സാധിച്ചത്. ബലഹീനത അനുഭവിക്കുന്നവരെ കരുതുന്ന കാര്യത്തിൽ വി. പൗലോസും മാതൃക കാണിക്കുന്നു. പ്രോത്സാഹിപ്പിച്ചു കരുതിയാൽ അവർക്കു കഴിയുന്ന മേഖലകളിൽ ദൈവ മഹത്വത്തിനായി ശോഭിക്കുവാൻ അംഗപരിമിതികൾ ഉള്ളവർക്കു കഴിയും എന്ന തിരിച്ചറിവ് വിശ്വാസ സമൂഹത്തിന് ഉണ്ടായി വരണം.

ഒക്ടോബർ 20 ഞായർ യുവജന ഞായർ ആയി ആചരിക്കപ്പെടുന്നു. യൗവ്വനം അർത്ഥപൂർണ്ണ ജീവിത ദർശന കാലം എന്ന ചിന്താ വിഷയമാണ് സഭ ധ്യാനിക്കുന്നത്. ദൈവത്തിലുള്ള അടിയുറച്ച വിശ്വാസമാണ് ധൈര്യമായി നിലപാടുകൾ എടുക്കാൻ യൗവ്വനക്കാരെ സഹായിക്കുന്നത്. ഉന്നത ലക്ഷ്യങ്ങൾക്കു വേണ്ടി കഷ്ടങ്ങളും നഷ്ടങ്ങളും ഏറ്റെടുക്കാൻ ദർശന ബോധ്യം ഉണ്ടാകണം. വ്യത്യസ്ത സ്വാധീനങ്ങൾ യുവജനങ്ങളുടെ മേൽ അവകാശവാദം ഉന്നയിക്കുമ്പോൾ, ജീവന്റെ നാഥനോട് സംശയലേശമില്ലാതെ വിധേയത്വം പ്രഖ്യാപിക്കുന്ന ചെറുപ്പക്കാരുടെ നിര പടുത്തുയർത്താൻ യുവജന ഞായർ ആചരണം സഹായിക്കട്ടെ.

ഒക്ടോബർ 27 ഞായറാഴ്ച കുടുംബ പ്രതിഷ്ഠാ ദിനമായി സഭ വേർതിരിച്ചിരിക്കുന്നു. കുടുംബം -ബന്ധങ്ങളുടെ ആഘോഷം എന്നതാണ് ചിന്താവിഷയം. നസറേത്തിലെ തിരു കുടുംബം തന്നെയാണ് നമ്മുടെ കുടുംബങ്ങൾക്കു മാതൃക. യേശുവിനെ തന്റെ സ്വർഗ്ഗീയ നിയോഗം പൂർത്തിയാക്കാൻ ഒരുക്കി അയച്ചത് കുടുംബമാണ്. ആദ്യരംഗങ്ങൾ മുതൽ ബന്ധങ്ങളുടെ ആഘോഷമാണ് നസറേത്തു കുടുംബത്തിൽ നാം കാണുന്നത്. സ്വാർത്ഥതയുടെയും വ്യക്തിവാദത്തിന്റെയും തിമിരം കാഴ്ച മറയ്ക്കുന്ന കാലങ്ങളിൽ, വേദപുസ്തകം നൽകുന്ന ഉൾകാഴ്ചകൾ നമ്മുടെ കണ്ണു തുറപ്പിക്കട്ടെ. ദൈവ വിശ്വാസത്തിൽ അടിയുറച്ച്, ഓരോ കുടുംബത്തിന്റെ മേലുമുള്ള ദൈവിക ലക്ഷ്യങ്ങളിൽ ബോധ്യം വന്നവരായി ജീവിക്കാൻ ദൈവം സഹായിക്കട്ടെ

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ
നിങ്ങളേവരോടും കൂടെയിരിക്കട്ടെ.



പൂലാത്തീൻ
27. 09. 2024

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**

## മലങ്കര മാർത്തോമ്മാ സുറിയാനി സഭ
## പ്രതിനിധി മണ്ഡലം സെപ്റ്റംബർ 17 – 20, 2024

# മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷപ്രസംഗം



**ആമുഖം:** ലോകം അതിന്റെ ശീഘ്രഗതിയിൽ മുന്നോട്ട് കുതിക്കുന്നു. ആഗോള – ദേശീയ തലങ്ങളിൽ വൻ നേട്ടങ്ങൾ കൈവരിക്കുവാൻ മാനവരാശിക്ക് സാധിച്ചിട്ടുണ്ട്. കൃഷി, കായികം, വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, ശാസ്ത്ര സാങ്കേതികവിദ്യ, വാർത്താവിനിമയം, ആണവോർജ്ജം തുടങ്ങിയ മേഖലകൾ അതിനുദാഹരണങ്ങളാണ്. ഇന്ത്യയുടെ ചന്ദ്രയാൻ ദൗത്യം വിജയകരമായി പൂർത്തീകരിച്ചത് ബഹിരാകാശ പര്യവേക്ഷണത്തിലും ശാസ്ത്ര മേഖലയിലുമുള്ള നമ്മുടെ രാജ്യത്തിന്റെ മികവിന്റെ തെളിവായി നിലകൊള്ളുന്നു. കേരളവും വിവിധ മേഖലകളിൽ മുമ്പിലെത്തി എന്നതു ശരി തന്നെ. സാർവ്വത്രിക വിദ്യാഭ്യാസം, സാക്ഷരത തുടങ്ങിയ കാര്യങ്ങളിലൊക്കെ കേരളം മറ്റു സംസ്ഥാനങ്ങളെക്കാൾ മുന്നിലാണ്. വികസന സൂചികകളുടെ കാര്യത്തിലും, ഒരു ജനതയുടെ ജീവിതനിലവാരം കാണിക്കുന്ന സൂചികകളിലൊക്കെയും കേരളം മുന്നിൽത്തന്നെ. എന്നാൽ നേട്ടങ്ങളുടെ മധ്യത്തിലും ആഗോള, ദേശീയ, ആഭ്യന്തര തലങ്ങളിലുള്ള സംഘർഷങ്ങളും പിരിമുറുക്കങ്ങളും ഒട്ടും കുറവല്ല. തകരുന്ന ധാർമ്മികതയും, കലാപങ്ങളുടെ മുറിവുണങ്ങാത്ത ഇടങ്ങളും, ഏകാധിപതികളാൽ കശാപ്പുചെയ്യപ്പെടുന്ന ജനാധിപത്യവും ഇന്നിന്റെ നേർക്കാഴ്ചകളാണ്. അഭൂതപൂർവ്വമായ വെല്ലുവിളികൾ നേരിടുന്ന സമകാലിക സാഹചര്യങ്ങളിൽ സംഗതമായ ക്രൈസ്തവസാക്ഷ്യം നിർവ്വഹിക്കുക എന്ന ദൗത്യമാണ് ക്രിസ്തുശരീരമായ സഭയ്ക്കുള്ളത്. മനുഷ്യ മൂല്യങ്ങളുടെ സത്വരനാശം നേരിടുന്ന ലോകത്തിൽ പ്രതീക്ഷയുടെ തിരിനാളമായി പ്രശോഭിക്കുവാൻ സഭയ്ക്ക് ഇനിയും സാധിക്കണം. അതിനായുള്ള ഒരുക്കവും സമർപ്പണവുമാണ് ദൈവം നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത്.

### രാഷ്ട്രബോധവും, ജനാധിപത്യത്തിലെ പങ്കാളിത്തവും

വർത്തമാനകാല ലോകം നൽകുന്ന ചില സൂചനകൾ ഏറെ ആപത്കരമാണ് എന്ന് പറയാതെ വയ്യ. ഭയം എന്ന വികാരത്തെ രാഷ്ട്രീയ ഉപകരണമാക്കി ഭരണകൂടങ്ങൾ തങ്ങളുടെ കാര്യസാധ്യത്തിന് വേണ്ടിയുള്ള രാഷ്ട്രീയാന്തരീക്ഷം സൃഷ്ടിച്ചെടുക്കുന്നു. അനധികൃത കുടിയേറ്റവും ജനസംഖ്യാ കണക്കുകളും ഉപയോഗിച്ച് തദ്ദേശവാസികൾക്കിടയിൽ ആശങ്കയും അവിശ്വാസവും ഉത്കണ്ഠയും വിതറുന്നു. തദ്ദേശീയ വിശ്വാസങ്ങളും ആചാരങ്ങളും സംരക്ഷിക്കുന്നതിൽ മുൻപന്തിയിൽ തങ്ങളാണെന്നു ചിലർ പ്രചാരണം അഴിച്ചുവിടുന്നുണ്ട്. ഐതീഹങ്ങളും ചരിത്രത്തെപ്പറ്റിയുള്ള മിഥ്യാസങ്കല്പങ്ങളും പുരാണകഥകളും പൊതുബോധത്തെ രൂപപ്പെടുത്തുമ്പോൾ മനുഷ്യരെ ബാധിക്കുന്ന വിഷയങ്ങൾ അപ്രസക്തമാകുന്നു. രാഷ്ട്രബോധവും രാഷ്ട്രീയവും നമുക്കൊക്കെ വേണമെന്ന കാര്യം രാജഭരണകാലത്തുതന്നെ, സഭ എന്ന നിലയിൽ മാർത്തോമ്മാ സഭയും സഭാംഗങ്ങളും മനസിലാക്കിയിരുന്നു. അതിന് ഒട്ടനവധി ഉദാഹരണങ്ങൾ ചരിത്രത്തിൽ നിന്നും ചൂണ്ടിക്കാണിക്കുവാൻ സാധിക്കും. ജനാധിപത്യത്തിന്റെ പാഠങ്ങൾ നമ്മുടെ ഭവനങ്ങളിലും ഇടവകകളിലും സഭയിലും പ്രാവർത്തികമാക്കുവാൻ നാം ശ്രമിക്കണം. ക്രിസ്തു സഭ ആധിപത്യങ്ങളുടെ ആത്മാവിനെയല്ല, പ്രത്യുത നീതിയുടെയും, തുല്യതയുടെയും, സ്നേഹത്തിന്റെയും, സാഹോദര്യത്തിന്റെയും മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്നു. അതേ മൂല്യങ്ങളെ ലോകത്തിലേക്ക് പരിവർത്തിപ്പിക്കേണ്ട ദൈവത്തിന്റെ കരങ്ങളാണ് സഭ എന്ന് നാം മറന്നുപോകരുത്. ‘അല്പം മാവിന് മുഴുവൻ പിണ്ഡത്തെയും പുളിപ്പിക്കാനാകും’. കാതോലികമായ സഭയിൽ വിശ്വസിക്കുമ്പോഴും സാർവത്രിക സ്നേഹം പ്രകടിപ്പിക്കുമ്പോഴും ഏതു രാജ്യത്തായിരിക്കുന്നുവോ ആ രാജ്യത്തെ സ്നേഹിക്കുകയും, അതിന്റെ ഭരണഘടനയെ മാനിക്കുകയും, എല്ലാ മതസ്ഥരെയും സമഭാവനയോടെ കാണുകയും ചെയ്യണം. രാഷ്ട്രനിർമ്മിതിയിലും സമൂഹ നിർമ്മിതിയിലും സുപ്രധാനമായ സംഭാവനകൾ നല്കിയിട്ടുള്ള ഒരു സമൂഹമാണ് ക്രൈസ്തവ സമൂഹം. ഇന്ത്യയ്ക്കു മൊത്തമായും കേരളത്തിന് പ്രത്യേകിച്ചും ഇവിടുത്തെ ക്രൈസ്തവ സമൂഹം നല്കിയ സംഭാവനകൾ ഏറെയാണ്.

### ലോക്സഭാ ജനവിധിയും, പുത്തൻ പാഠങ്ങളും

ഇന്ത്യയിൽ ഇക്കഴിഞ്ഞ ലോക്സഭാ ഇലക്ഷൻ ജനാധിപത്യം തകരില്ലായെന്ന് തെളിയിച്ച തിരഞ്ഞെടുപ്പാണ്. ജനാധിപത്യം അതിന്റെ അടിസ്ഥാന തത്വങ്ങളിൽ നിന്നും വഴിമാറുന്നോ എന്ന സന്ദേഹം ഉയർന്നപ്പോൾ ഒരു രാഷ്ട്രീയ പാർട്ടിക്കും മൃഗീയ ഭൂരിപക്ഷം നൽകാതെ ജനാധിപത്യ മൂല്യങ്ങളെ സംരക്ഷിക്കുവാനാവശ്യമുള്ള വ്യവസ്ഥാപിത സംവിധാനങ്ങൾ നിലനിറുത്തുവാൻ ജനങ്ങൾ ശ്രദ്ധിച്ചു. അതും സാധാരണക്കാരായ ജനങ്ങളാണിതിന് കാരണക്കാർ എന്നത് ഏറെ ചിന്തനീയമാണ്. വിഘടിക്കപ്പെട്ട സാമൂഹ്യ ക്രമങ്ങൾക്കപ്പുറമായി സാഹോദര്യത്തിന്റെ ജീവിത ക്രമങ്ങളാണ് തങ്ങളുടെ നിലനില്പിനാവശ്യം എന്ന് പൊതുജനം മനസ്സിലാക്കി. വംശീയതയുടെയും ജാതീയത

യുടെയും മതത്തിന്റെയും മതിലുകൾ ബലിഷ്ഠമാക്കി മനുഷ്യരെ തമ്മിലടിപ്പിക്കുമ്പോൾ, പുതിയ പ്രതീക്ഷകൾ പകരുവാൻ എങ്ങനെ ക്രിസ്തു സഭയ്ക്കാകും എന്ന ചിന്ത നമ്മെ ഭരിക്കണം. പ്രാദേശിക ഇടവകകൾക്ക് ചുറ്റുമുള്ള സമൂഹവുമായുണ്ടായിരുന്ന സജീവ ബന്ധത്തിന് വിള്ളൽ സംഭവിക്കാതെ ചുറ്റുവട്ടത്തോടുള്ള പ്രതിബദ്ധത കാത്ത് സൂക്ഷിക്കുന്നതിനും ജനകീയ വിഷയങ്ങളിൽ ഇടപെടുന്നതിനും സാധിക്കണം. നമുക്ക് ചുറ്റുമുള്ള ആളുകളെക്കുറിച്ച് നാം ഉത്കണ്ഠാകുലരായിരിക്കണം, അവരുടെ ആവശ്യങ്ങളിൽ നാം പങ്കാളികളാകണം. ഒരു ഇടവക ആ ദേശത്തെ സമൂഹവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കണം. പട്ടക്കാർ ഇതിനൊരു കണ്ണിയാകണം.

**സ്ത്രീ സ്വാതന്ത്ര്യവും, സ്ത്രീ സുരക്ഷയും**

വർത്തമാനകാല ഇന്ത്യയിൽ സ്ത്രീകളുടെ പൗരാവകാശങ്ങൾ ലംഘിക്കപ്പെടുന്നതിന്റെ സൂചനകൾ വർദ്ധിക്കുന്നു. അടുത്തസമയത്ത് പുറത്തിറങ്ങിയ ഹേമാ കമ്മിറ്റി റിപ്പോർട്ട് നമ്മെ ഞെട്ടിപ്പിക്കുന്നതാണ്. ഒരുകാലത്ത് പുരുഷന്മാർ മാത്രമുണ്ടായിരുന്ന പല തൊഴിൽ മേഖലകളിലും ഇപ്പോൾ സ്ത്രീകൾ കടന്നുവരികയാണ്. സ്കൂളുകളിലും കോളേജുകളിലും മാധ്യമ പ്രവർത്തനത്തിലും, സർക്കാരാഫീസുകളിലും സ്വകാര്യ സ്ഥാപനങ്ങളിലും ജോലിക്കാരിൽ ഭൂരിപക്ഷവും സ്ത്രീകളാണ്. സഭയ്ക്കുള്ളിലും സഭയുടെ സ്ഥാപനങ്ങളിലും സംഘടനകളിലുമെല്ലാം ധാരാളം സ്ത്രീകൾ പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകൾക്ക് പഠിക്കാനും വളരാനും ഇഷ്ടമുള്ള തൊഴിലെടുക്കാനും എല്ലാ സ്വാതന്ത്ര്യവും നൽകണമെന്നതാണ് സഭയുടെ നിലപാട്. വീടിനുള്ളിൽ, തൊഴിലിടങ്ങളിൽ, ആരാധനാലയങ്ങളിൽ, പൊതുസ്ഥലങ്ങളിലെല്ലാം സ്ത്രീ സുരക്ഷ ഇനിയും ഉറപ്പാക്കണമെന്ന് ബന്ധപ്പെട്ട എല്ലാവരോടും ആവശ്യപ്പെടാൻ ഈ അവസരം ഉപയോഗിക്കട്ടെ. സദാചാരഗുണ്ടായിസവും അതിക്രമങ്ങളുടെ പട്ടികയിൽപ്പെടുത്തേണ്ടതാണ്. ഗാർഹികാതിക്രമ നിയമവും തൊഴിലിടങ്ങളിലെ ലൈംഗികപീഡന വിരുദ്ധ നിയമവും നിലവിൽ ഉണ്ടെങ്കിലും അവ എത്ര മാത്രം പ്രയോഗത്തിൽ ഫലപ്രദമാകുന്നുവെന്ന വിമർശനാത്മക പരിശോധനയും ആവശ്യമാണ്.

**മതത്തിന്റെ പേരിലുള്ള അശാന്തിയും, ശമനമില്ലാത്ത യുദ്ധങ്ങളും**

മതത്തിന്റെ പേരിലുള്ള വിഭജനം ഇന്ത്യയിൽ കൂടിവരുന്നു എന്നത് ഒരു യാഥാർഥ്യമാണ്. ഹരിയാനയിലെ ഫരീദാബാദിൽ ഈ അടുത്ത ദിവസമാണ് പശുക്കടത്തുകാരനാണെന്ന് തെറ്റിദ്ധരിച്ച് 20 കാരനായ ആര്യൻ മിശ്ര എന്ന വിദ്യാർത്ഥിയെ വെടിവെച്ച് കൊലപ്പെടുത്തിയത്. പശു സംരക്ഷകരെന്നു സ്വയം വിശേഷിപ്പിക്കുന്നവർ കൊലപ്പെടുത്തിയ കൗമാരക്കാരൻ ഒരു മുസ്ലീം 'പശു കടത്തുകാരൻ' ആണെന്ന് അവർ കരുതി പോലും. തീവ്രമതവാദം വരുത്തിവെയ്ക്കുന്ന വിനാശകരമായ അനുഭവങ്ങൾക്കൊരുദാഹരണം മാത്രമാണിത്. ഒരു സമൂഹം മറ്റൊരു സമൂഹത്തിന് മേൽ ആധിപത്യം സ്ഥാപിക്കുന്നത് മത തീവ്രവാദമായും ഭീകരവാദമായും വിധ്വംസക പ്രവർത്തനങ്ങളായും പരിണമിക്കുന്നു. ലോകത്തിന് സ്നേഹവും സമാധാനവും പകരേണ്ട മതങ്ങളുടെ മറവിലാണ് ഭീകരത വളരുന്നത്. സ്വന്തം മതത്തിൽ വിശ്വസിച്ച് അന്യമതങ്ങളെ സമഭാവനയോടെ കാണാൻ കഴിയാതെ പോകുന്നത് പലപ്പോഴും സംഘർഷങ്ങളായി മാറുന്നു.

ആധിപത്യ ശ്രമങ്ങളുടെ ബഹിർസ്ഫുരണങ്ങളാണല്ലോ യുദ്ധങ്ങൾ. രാജ്യങ്ങൾ തമ്മിലുള്ള പോരാട്ടങ്ങളും രാജ്യത്തു തന്നെ വളരുന്ന കലാപങ്ങളും സംഘർഷങ്ങളും ലോകത്തെ അസ്വസ്ഥമാക്കിക്കൊണ്ടിരിക്കുന്നു യുക്രൈൻ-റഷ്യ യുദ്ധം, ഇസ്രായേൽ-പലസ്തീൻ സംഘർഷങ്ങൾ, സുഡാനിലെ വംശീയ പ്രശ്നങ്ങൾ എന്നിവ രൂക്ഷമായിത്തന്നെ തുടരുന്നു. 11 മാസമായി ഗാസയിലെ സ്കൂളുകൾ അടഞ്ഞു കിടക്കുന്നു. 90 ശതമാനം സ്കൂൾ കെട്ടിടങ്ങളും മിസൈൽ അക്രമണങ്ങളിൽ തകർന്നു. ലോക സമാധാനത്തിനു വേണ്ടി പ്രാർത്ഥിക്കുവാനും പ്രവർത്തിക്കുവാനും നാം കടപ്പെട്ടവരാണ് എന്ന യാഥാർത്ഥ്യം മറക്കാതിരിക്കാം. പുറമെ നാം ദർശിക്കുന്നതിലുമപ്പുറമുള്ള രാഷ്ട്രീയ സാമ്പത്തിക കാര്യങ്ങളാണ് പ്രസ്തുത സംഘർഷങ്ങൾക്ക് നിദാനമായിത്തീരുന്നത്. അതാത് ഭരണകൂടങ്ങളുടെ സൗകര്യപൂർവ്വമുള്ള മൗനമോ നിഷ്ക്രിയത്വമോ ചോദ്യം ചെയ്യപ്പെടണം. കൂട്ട മരണങ്ങൾക്കപ്പുറമായി പിറന്ന നാടിനെയും പ്രിയപ്പെട്ടവരെയും ഉപേക്ഷിച്ച് പ്രാണരക്ഷാർഥം അതിർത്തികൾ ഭേദിച്ച് അഭയം തേടി അലയുന്ന മനുഷ്യരുടെ ദയനീയത ഓരോ യുദ്ധങ്ങളുടെയും ബാക്കിപത്രമാണ്. യുദ്ധങ്ങളും സംഘർഷങ്ങളും ഒന്നിനും പരിഹാരമല്ല. തുറന്ന സംവാദങ്ങളും ചർച്ചകളുമാണ് സമാധാന ജീവിതത്തിന് ആവശ്യമെന്നും നാം തിരിച്ചറിയണം.

**ആദരിക്കാം ബഹുസ്വരതയെ**

ബഹുസ്വരതയെ ആദരിക്കാതെ കഠിനമായ മതവാദങ്ങളെ മാത്രം പിന്തുണയ്ക്കുന്നവരെ നിയന്ത്രിക്കാൻ ഓരോ മതങ്ങൾക്കുള്ളിലെയും സുമനസ്സുകൾ കൈകോർക്കുക തന്നെ വേണം. മതാതീതമായ പരസ്പര സാഹോദര്യവും സ്നേഹവും കരുതലും ബഹുമാനവും പൗരന്മാർക്കിടയിൽ നിന്ന് അന്യമാകാതിരിക്കാൻ നമുക്ക് എല്ലാവർക്കും ശ്രമിക്കാം. ഇതര മതസ്ഥരെ ബഹുമാനിക്കാൻ പഠിപ്പിക്കുന്ന കേരളത്തിന്റെ മഹനീയ പാരമ്പര്യം ലോകത്തിന് മാതൃകയായി നമുക്ക് ഉയർത്തിക്കാട്ടാം. മതസംവാദങ്ങൾക്കും ഒത്തു ചേരലിനുമുള്ള നവീന വേദികൾ പല ഇടവകകളിലും നടക്കുന്നത് ഈ ദിശയിലെ നല്ല നീക്കങ്ങളാണ്. തിരുവല്ലയ്ക്കടുത്ത് പായിപ്പാട്ട് കുറെനാൾ മുൻപ് ഇതര സംസ്ഥാനങ്ങളിൽ നിന്നു വന്ന് നമുക്കിടയിൽ ജോലി ചെയ്യുന്നവർക്കായി നടത്തിയ കൂട്ടായ്മയും, കിഴക്കൻമുത്തൂർ ഇടവകയിൽ കഴിഞ്ഞയാഴ്ച എല്ലാത്തരം ജോലി ചെയ്യുന്നവരെയും ക്ഷണിച്ചു ക്രമീകരിച്ച ഓണസദ്യയുമെല്ലാം വരാനിരിക്കുന്ന

കാലത്തിലേക്ക് തുറക്കപ്പെടുന്ന പുതിയ സ്നേഹ വാതിലുകളാണ് എന്ന് പറയാനും ഈ അവസരം വിനിയോഗിക്കുന്നു. ഓരോ ഇടവകയും ഇത്തരം പാരസ്പര്യ വേദികൾ തുറക്കാൻ പ്രാദേശിക തലത്തിൽ ശ്രമിക്കുമ്പോൾ നമ്മുടെ ദൈവാലയങ്ങൾ കർത്താവ് പകർന്ന സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ഗോപുരവാതിലുകളായി മാറും എന്ന കാര്യത്തിൽ സംശയമില്ല. 'കരുതലിന് കരമേകാം, അതിജീവനം' എന്ന പേരിൽ വയനാട് നടവയലിലുള്ള മുസ്ലീം സമുദായത്തിന്റെ സി. എം. കോളേജിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന വയനാട് പുനരുദ്ധാരണ പദ്ധതികളിലൊന്നായ ഓട്ടോറിക്ഷാ വിതരണത്തിന് മുഖ്യാതിഥിയായി മാർത്തോമ്മാ മെത്രാപ്പോലീത്തായെ പങ്കെടുപ്പിച്ച് ആദ്യവിതരണം നടത്തി എന്നത് പുത്തൻ തുറവികളുടെ മറ്റൊരു ഉദാഹരണമാണ്. വൈവിധ്യങ്ങളെ മനസ്സിലാക്കാനും ഉൾക്കൊള്ളാനും ശ്രമിക്കുമ്പോൾ, ദൈവത്തിന്റെ ഹൃദയത്തെ യഥാർത്ഥമായി പ്രതിഫലിപ്പിക്കുന്ന ഒരു സഭയുടെ ദർശനത്തിലേക്ക് നാം കൂടുതൽ അടുക്കും. പരമ്പരാഗത അതിരുകൾക്കപ്പുറത്തേക്ക് നീങ്ങുകയും എല്ലാ വ്യക്തികൾക്കുമായി സഭയുടെ വാതിലുകൾ തുറക്കുകയും, എല്ലാവരും ദൈവമക്കൾ എന്ന നിലയിൽ അപരന്റെ മൂല്യവും അന്തസ്സും ഉറപ്പിക്കുകയും വേണം. കലുഷിതമായ ലോകത്തെ ചേർത്തു നിർത്തുന്ന ശാന്തികൂടാരമായി മാറാനുള്ള ആഹ്വാനമാണ് ഈ കാലഘട്ടത്തിൽ സഭയുടെ നിയോഗം എന്ന് നമുക്ക് തിരിച്ചറിയാം.

### പരിസ്ഥിതി പ്രശ്നങ്ങളും, നീതിയുടെ പോരാട്ടങ്ങളും

നമ്മുടെ ലോകം ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികളിൽ ഏറ്റവും വലുത് എന്ന് വിശേഷിപ്പിക്കാവുന്നത് പരിസ്ഥിതി പ്രതിസന്ധിയാണ്. ദൈവം സൃഷ്ടിച്ച ലോകത്തിൽ പ്രകൃതിയുടെ കാവലാളാവുക എന്ന സന്ദേശം ഓരോ ദുരന്തങ്ങളും നമ്മെ ഓർമ്മിപ്പിച്ചു കൊണ്ടിരിക്കുന്നു. പരിസ്ഥിതി പ്രതിസന്ധി ഏറ്റവും അധികം ബാധിക്കുന്നതു നമ്മുടെ ഇടയിൽ ഉള്ള ഏറ്റവും ബലഹീനരെയാണ്. അവിടെയാണ് നീതിയുടെ പ്രശ്നം ചർച്ച ചെയ്യേണ്ടത്. പ്രകൃതി വിഭവങ്ങളെ പരമാവധി ചൂഷണം ചെയ്യുകയല്ല, കഴിയുന്നതും നിയന്ത്രിച്ച് ഉപയോഗിക്കുകയാണ് വേണ്ടത്. സഭയും ഇടവകകളും എടുക്കുന്ന ഓരോ തീരുമാനങ്ങൾക്ക് പിന്നിലും മിതത്വം അനിവാര്യമാണ്. ഇന്നത്തെ ലോകവികസന മാതൃക നമ്മുടെ ചുറ്റുപാടുമുള്ള ജൈവ വൈവിധ്യത്തെ തകർക്കുന്ന വികസന മാതൃകകളാണ്. അമിതമായ ഉപഭോഗത്തിലും അത്യാഗ്രഹത്തിലും അധിഷ്ഠിതമായ ഈ മാതൃകയെ മറികടക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ദർശനം. നമ്മുടെ ദൈനംദിന ജീവിതത്തിൽ വ്യക്തികൾ, കുടുംബങ്ങൾ, സമൂഹങ്ങൾ, സഭകൾ, സ്ഥാപനങ്ങൾ എന്നിവ കാലാവസ്ഥ സൗഹൃദ ജീവിതശൈലി തുടർന്നാൽ വലിയ ഒരളവു വരെ കാർബൺ ഉദ്വമനം തടയാൻ സാധിക്കും. ആധുനിക കാലം നേരിടുന്ന മറ്റൊരു വെല്ലുവിളിയാണ് മാലിന്യ സംസ്കരണം. വെട്ടിപ്പിടിക്കൽ പോലെ തന്നെ വലിച്ചെറിയുന്ന സംസ്കാരവും നമ്മിൽ വളരുന്നു. തിരുവനന്തപുരം ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിനിടയിൽ ഒഴുക്കിൽപ്പെട്ട് കാണാതായ കരാർ തൊഴിലാളി ജോയിയുടെ മരണം കേരള സമൂഹത്തിന്റെ മനസ്സാക്ഷിയെ പിടിച്ചു കുലുക്കുന്ന സംഭവമായിരുന്നു. നിയമങ്ങൾക്കപ്പുറം മാലിന്യ നിർമാർജ്ജനം സംബന്ധിച്ച അവബോധം നാം ഓരോരുത്തർക്കും ഉണ്ടാകേണ്ടതും അവ നടപ്പിലാക്കേണ്ടതും ആവശ്യമാണ്.

### വയനാട്: കരുതലും കാവലുമായി മാർത്തോമ്മാ സഭ

രൂക്ഷമായ വേനൽ, മേഘ വിസ്ഫോടനം, തീവ്രമഴ, വെള്ളപ്പൊക്കം, ഭൂമികുലുക്കം, മണ്ണിടിച്ചിൽ, അഗ്നിപർവ്വത സ്ഫോടനം, സുനാമി എന്നിവ ഇന്ന് നാം അഭിമുഖീകരിക്കുന്ന കാലാവസ്ഥാ വ്യതിയാനങ്ങളാണ്. വയനാട്ടിലെ ഉരുൾപൊട്ടൽ കേരളത്തെയും രാജ്യത്തെത്തന്നെയും ഞെട്ടിച്ചതാണ്. എത്രയോ കുടുംബങ്ങൾ അപ്പാടെ മലവെള്ളപ്പാച്ചിലിൽ ഒഴുകിപ്പോയി. കുട്ടികളെ നഷ്ടപ്പെട്ട അപ്പനമ്മമാരും, മാതാപിതാക്കളെ നഷ്ടപ്പെട്ട മക്കളും, എല്ലാം നഷ്ടപ്പെട്ട കുടുംബങ്ങളും എത്രയെത്ര! ഉള്ളുലഞ്ഞ വയനാടിന്റെ നഷ്ടത്തിൽ സഭയുടെ ആദരാഞ്ജലികൾ. വയനാട്ടിലെ പുനരധിവാസ പ്രവർത്തനങ്ങളിൽ സഭയും പങ്കാളിയാവുന്നു. സഭ നേരിട്ട് പുനഃരധിവാസ പ്രവർത്തനങ്ങൾ നടത്തുവാനാണ് താല്പര്യപ്പെടുന്നത്. സ്ഥലവും വീടും നഷ്ടപ്പെട്ട 25 കുടുംബങ്ങൾക്ക് സഭയായി വീട് നിർമ്മിച്ച് നൽകാമെന്ന് സർക്കാരിനെ അറിയിച്ചു. വയനാട് ജില്ലാ കളക്ടറെ നേരിൽക്കണ്ട് സഭയുടെ സന്നദ്ധതയും അറിയിച്ചിട്ടുണ്ട്. വൈദ്യസഹായം ആവശ്യമായവർക്ക് ചുങ്കത്തറ മാർത്തോമ്മാ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ മൊബൈൽ ക്ലിനിക്ക് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. പ്രത്യേക കരുതൽ ആവശ്യമായ വയോജനങ്ങൾക്ക് വടുവഞ്ചാൽ കേന്ദ്രമാക്കി ഒരു പാലിയേറ്റിവ് കെയർ ആരംഭിക്കുന്നതിന് വീടും സ്ഥലവും സഭയായി അന്വേഷിച്ച് വരുന്നു. കൗൺസിലിംഗിൽ പ്രാവീണ്യം ലഭിച്ച പ്രൊഫഷണലുകളുടെ സഹായത്തോടെ നടവയൽ മുക്തി ലഹരി വിമോചന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ കൗൺസിലിംഗ് (ട്രൗമാ കെയർ) ഇപ്പോൾത്തന്നെ ലഭ്യമാക്കുന്നു. മാതാപിതാക്കൾ നഷ്ടപ്പെട്ട കുഞ്ഞുങ്ങളെ വളർത്തുന്നതിനും പഠിപ്പിക്കുന്നതിനും സഭയുടെ നിലവിലുള്ള സ്ഥാപനങ്ങളിലൂടെ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കും. സഭയുടെ ഈവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു പൂർണ്ണസമയ പ്രൊഫഷണൽ സോഷ്യൽ വർക്കറെയും നിയമിക്കുന്നു. ഈവിധ പ്രവർത്തനങ്ങൾക്ക് അഭിവന്ദ്യ മക്കാറിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ കുന്നംകുളം- മലബാർ ഭദ്രാസനം നല്കുന്ന പിന്തുണ വളരെ വലുതാണ്.

### സഭാ ഭരണഘടനാ പരിഷ്ക്കരണം

ഫെബ്രുവരി മാസത്തെ മണ്ഡലയോഗത്തിൽ സമയപരിമിതി മൂലം ചർച്ച ചെയ്യുവാൻ സാധിക്കാഞ്ഞ ഭരണഘടന ഭേദഗതി പ്രമേയങ്ങൾ ഈ മണ്ഡലയോഗം ചർച്ച ചെയ്യുന്നു. സഭയുടെ സുതാര്യതയും അതിന്റെ

സമഗ്രതയും സൂക്ഷിക്കുവാൻ ഏറ്റം അനുയോജ്യമായ ഒന്നാണ് സഭാ ഭരണഘടന. കേരളത്തിൽ രൂപപ്പെട്ട സഭകളിൽ ആദ്യമായിത്തന്നെ ഒരു ഭരണഘടന രൂപപ്പെടുത്തിയ സഭ മലങ്കര മാർത്തോമ്മ സുറിയാനി സഭയാണ് എന്നത് ഏറെ അഭിമാനത്തോടെ നാം ഓർക്കേണം. ഭരണഘടനയുടെ കാലികമായ പുതുക്കലും അനിവാര്യമത്രെ. കഴിഞ്ഞ വർഷം മുതൽ ഭരണഘടന സമഗ്രമായി പഠിച്ച് പുതുക്കുന്നതിനായി നാം ശ്രമിച്ചുവരികയാണ്. സമഗ്രം എന്ന സംജ്ഞയിലൂടെ എല്ലാം തികഞ്ഞത് എന്നർത്ഥമില്ല. അങ്ങനെയൊന്നു നിർമ്മിക്കാനും നമുക്കാവില്ല. എന്നാൽ കാലാകാലങ്ങളിൽ നാം നമ്മുടെ പരിചയങ്ങളിലൂടെ കണ്ടെത്തിയ അപര്യാപ്തതകൾ പരിഹരിക്കാനുള്ള ഒരു ശ്രമം മാത്രമാണിത്. കൂട്ടായ്മയുടെ രഹസ്യമാണ് സഭയിലൂടെ പ്രദർശനമാകേണ്ടത്. അതുകൊണ്ട് സഭയുടെ ദൈനംദിന പ്രവർത്തനങ്ങളുടെ നിയന്ത്രണത്തിനായി ഭരണഘടന ഉപയോഗിക്കുമ്പോൾ തന്നെ കൂട്ടായ്മയുടെ ആത്മാവ് നഷ്ടപ്പെടുവാൻ ഇടയാകരുത്. കൃപയുടെ ചാലകശക്തിയാകേണ്ടതാണ് സഭ എന്ന ബോധ്യത്തിലാവണം സഭാ ഭരണഘടനയെ സമീപിക്കേണ്ടത്.

**തുടരുന്ന നവീകരണവും, പുതുതാക്കുന്ന ആരാധനാ ക്രമങ്ങളും**

നവീകരണത്താൽ ശുദ്ധീകരിക്കപ്പെട്ട്, ക്രൈസ്തവ വിശ്വാസത്തിന്റെ മൂല്യങ്ങളും വിശുദ്ധിയും നിലനിർത്തി, വേദപുസ്തകത്തിലും അതിന്റെ ആത്മാംശത്തിലും വിശ്വാസം അർപ്പിച്ച് മുന്നേറുന്ന വിശ്വാസ സമൂഹമാണ് മലങ്കര മാർത്തോമ്മാ സുറിയാനി സഭ. പൗരസ്ത്യ പാരമ്പര്യങ്ങളിൽ രൂപപ്പെട്ട ആരാധനാ പാരമ്പര്യങ്ങളോട് നവീകരണത്തിന്റെ ശക്തിയായ വേദപുസ്തകവും അതിന്റെ അകക്കാമ്പായ തുറവിയും ചേർത്തുവച്ച് മുമ്പോട്ടു പോകുന്നവരാണ് നാം. സുവിശേഷ വിഹിത സഭ എന്നതാണ് നമ്മുടെ മുഖമുദ്ര. നവീകരണ ദർശനങ്ങളെ ദുർബലപ്പെടുത്തുവാനോ നവീകരണ മാർഗ്ഗങ്ങളിൽ നിന്നും പിന്നോക്കം പോകുവാനോ ഇടയാകരുത്. വിശ്വാസവും ആരാധനാ ക്രമങ്ങളും സംബന്ധിച്ച ഉത്തരവാദിത്വം മെത്രാപ്പോലീത്തയിലും എപ്പിസ്കോപ്പാമാരിലും വൈദീക സ്ഥാനികളിലും നിലനിർത്തിയത് വലിയ ഒരു ദർശനത്തോടെയായിരുന്നു. അത് കേവലം കാലഘട്ടങ്ങളുടെ മാറിമാറിവരുന്ന ട്രെൻഡുകൾക്കനുസരിച്ചു യഥേഷ്ടം മാറ്റാവുന്ന ഒന്നല്ല. എന്നാൽ അവയെ സഭയുടെ നവീകരണ ദർശനങ്ങളുടെ വെളിച്ചത്തിൽ വിലയിരുത്തുവാനും പുനർചിന്തയ്ക്കു വിധേയമാക്കുവാനും കഴിയണം. അത് വളരെ ആലോചനയോടും സുതാര്യതയോടും നടപ്പാക്കേണ്ട ഒന്നാണ്. ആരാധനാക്രമങ്ങളുടെ പരിഷ്ക്കരണം ഈ കാലഘട്ടത്തിന്റെ ആവശ്യവും അർത്ഥവത്തായ ആരാധനയ്ക്ക് അനുപേഷണീയവുമാണെന്ന തിരിച്ചറിയലിൽ നിന്നുമാണ് വലിയ നോമ്പ് നമസ്ക്കാര ക്രമം, മാമോദീസ കൈക്കൊള്ളാതെ മരണമടയുന്ന കുഞ്ഞുങ്ങളുടെ ശവസംസ്ക്കാരത്തിനുള്ള ക്രമം, പ്രസവ സ്തോത്രത്തിന്റെ പരിഷ്ക്കരിച്ച പതിപ്പ് എന്നിവയുടെ പ്രസിദ്ധീകരണവും കന്നഡയിലൂള്ള ആരാധനക്രമം, ഇംഗ്ലീഷ് ഭാഷയിലുള്ള വിശുദ്ധ കുർബ്ബാനയുടെ ക്രമം, മറ്റ് ശുശ്രൂഷാക്രമങ്ങൾ എന്നിവയുടെ പുനപ്രസിദ്ധീകരണവും ഈ നാളുകളിൽ നിർവ്വഹിച്ചത്. ഭാഷാ, ലിംഗ ഭേദം എന്നിവ കൂടാതെ സഭയെ ഒന്നായി കാണുന്നതിനും, എല്ലാവരെയും ചേർത്ത് നിർത്തുന്നതിനുമുള്ള പരിശ്രമങ്ങൾ ഇനിയും സഭയിലുണ്ടാകണം. എല്ലാവരുടെയും ഒത്തൊരുമിച്ചുള്ള പ്രവർത്തനങ്ങളും തുറവിയുള്ള സമീപനങ്ങളും, 'എന്റെ സഭ' എന്ന ഉള്ളടുപ്പവുമാണ് ആവശ്യം.

**വർദ്ധിക്കുന്ന കുടിയേറ്റം, വളരുന്ന അസ്വസ്ഥതകൾ**

അടുത്തയിടെ കിഴക്കൻ ഇംഗ്ലണ്ട് നഗരമായ ലെസ്റ്ററിനടുത്തുള്ള പാർക്കിൽ പഞ്ചാബി വംശജനായ 80 കാരനായ ഭീം കോഹ്ലിയെ മാരകമായി ആക്രമിച്ചു കൊലപ്പെടുത്തി. ഇത്തരം വംശീയ അക്രമങ്ങളെ സഭ എതിർക്കുന്നു. അറസ്റ്റിലായത് വെറും 14 വയസ്സുള്ള ഒരു സ്കൂൾ വിദ്യാർത്ഥിയാണ്. കുടിയേറ്റവും അതിനോടനുബന്ധിച്ച വംശീയ വിഷയങ്ങളും തദ്ദേശിയരായ വിദ്യാർത്ഥികളുടെയും യൗവനക്കാരുടെയും മനസ്സിൽ എങ്ങനെയാണു വിഷവിത്തുകൾ പാകുന്നത് എന്നതിന്റെ മകുടോദാഹരണമാണ് ഈ സംഭവം. കുടിയേറ്റങ്ങൾക്കെതിരെ യൂറോപ്പിലും മറ്റു പാശ്ചാത്യ രാജ്യങ്ങളിലും ശക്തമായ പ്രതിഷേധങ്ങൾ ഉയരുന്നു. കാനഡയും ഓസ്ട്രേലിയയും വിദേശികളായ വിദ്യാർത്ഥികൾക്ക് പൗരത്വം നൽകുന്നത് കുറയ്ക്കുവാനായി പോകുന്നു. വിദേശികൾ തദ്ദേശീയ സംസ്കാരത്തെ വികൃതമാക്കുന്നു എന്നും തദ്ദേശീയരുടെ ജോലി സാധ്യതകളെ ഇല്ലാതെയാക്കുന്നു എന്നുമുള്ള കാരണങ്ങൾ ഉയർത്തിക്കാട്ടി വെറുപ്പിന്റെ രാഷ്ട്രീയം പ്രചരിപ്പിക്കുന്നു.

കുടിയേറ്റങ്ങൾ പലവിധമായ കാരണങ്ങളാൽ ആവശ്യമായിരിക്കാം, അതൊരു യാഥാർത്ഥ്യവുമാണ്. കേരളത്തിൽ നിന്നും കുടിയേറുന്നവരിൽ പ്രധാന പങ്ക് മാർത്തോമ്മാ വിശ്വാസികളാണെന്ന പഠനങ്ങൾ പുറത്തുവന്നിട്ടുണ്ടല്ലോ. ഓരോ ദേശത്തിന്റെയും നന്മയുടെ വശങ്ങളെ ഉൾകൊള്ളാനും അവിടുത്തെ ജനങ്ങളുമായി നല്ല ബന്ധം സൃഷ്ടിക്കുവാനും നാം ശ്രമിക്കേണം. നാം ആയിരിക്കുന്ന ദേശത്തിന്റെ വളർച്ചയിൽ പങ്കുകാരാവാനുള്ള പ്രതിബദ്ധത നമുക്കുണ്ടാവണം. കുടിയേറ്റത്തിന്റെ സാധ്യതകളെ ഉൾക്കൊള്ളുമ്പോൾ തന്നെ ആ രാജ്യത്തിനുവേണ്ടി എങ്ങനെ ക്രിയാത്മകമായി പ്രവർത്തിക്കുവാനാകും എന്ന് ചിന്തിക്കേണ്ടതും ആവശ്യമാണ്. വിദേശത്തുള്ള നമ്മുടെ യുവജനങ്ങൾ അജപാലനശുശ്രൂഷ കാംക്ഷിക്കുന്നവരാണ്; അവർക്ക് ആവശ്യമായ ആത്മീയ പരിപോക്ഷണം നൽകുവാൻ നമ്മുടെ സഭാ ഘടകങ്ങൾ സജ്ജമാണോ എന്ന ചോദ്യം പ്രസക്തമാണ്. അതോടൊപ്പം കേരളത്തിനുള്ളിൽ എണ്ണം വർദ്ധിക്കുന്ന വയോജനങ്ങൾക്കു ഒരു കാലത്തു താങ്ങായിരുന്ന പല ഘടകങ്ങളും ഇന്ന് ലഭ്യമല്ല. പലരും ഒറ്റപ്പെട്ട തുരുത്തുകളായി അവരവരുടെ വീടുകളിൽ ജീവിതം നയിക്കുന്നു. ഈ യാഥാർത്ഥ്യങ്ങൾ അജപാലന ശുശ്രൂഷയുടെ മുന്നിലുയർത്തുന്ന വെല്ലുവിളികൾ വളരെ വലുതാണ്.

*(തുടരും...)*